I/7711 6/2022

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**

**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-തളിപ്പറമ്പ് താലൂക്ക്- പരിയാരം ഗ്രാമപഞ്ചായത്ത്-പരിയാരം വില്ലേജ്- റീ.സ.നമ്പർ 227/3 പെട്ട സ്ഥലത്ത് ഗ്രൂപ്പ് ബി, എ2 (catechism, സ്പെഷ്യൽ റെസിഡൻഷ്യൽ) ഗണത്തിൽ ഉൾപ്പെടുന്ന പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭൂവുപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KPBR-2019 ചട്ടം 30

2) ഫാദര്. ഷാജു ആന്റണി, റെപ്രസെന്റേറ്റീവ്, നിത്യ സഹായ മാതാ ചർച്ച്, PP 14, മരിയപുരം,സി പോയിൽ - 670502 എന്നവർ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/1017/2022-C** **തീയതി 30-11-2022**

---

കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ താലൂക്കിൽ പരിയാരം ഗ്രാമപഞ്ചായത്തിൽ , പരിയാരം വില്ലേജിൽ റി. സ. നമ്പർ 227/3 ൽ സ്ഥിതി ചെയ്യുന്ന 17264 ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് ബി, എ2 catechism, സ്പെഷ്യൽ റെസിഡൻഷ്യൽ) ഗണത്തിൽ ഉൾപ്പെടുന്ന പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്, നിലവിലുള്ള കെട്ടിടങ്ങൾ( നിത്യ സഹായ മാതാ ചർച്ച് കെട്ടിടം -431.97 ച.മീ, പഴയ ചർച്ച് കെട്ടിടം-526.45 ച.മീ, ഫാദർ സുക്കോൾ റസിഡൻസ്- 149.54 ച.മീ, ഷോപ്പ് കെട്ടിടം- 206.99 ച.മീ, പമ്പ് ഹൗസ് -2.21 ച.മീ ), വിഭാവിതനിർമ്മാണങ്ങളായ 962.28 ച.മീ വിസ്തീർണ്ണമുള്ള Catechism (G.F-320.76 ച.മീ+ F.F-320.76 ച.മീ + S.F-320.76 ച.മീ), 210.84 ച.മീ വിസ്തീർണ്ണമുള്ള സ്പെഷ്യൽ റസിഡൻഷ്യൽ (G.F-128.83 ച.മീ+ F.F-82.01 ച.മീ), എന്നിവ ഉൾപ്പെടെ ആകെ 2490.28 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള നിർമ്മാണങ്ങളുടെ ലേ ഔട്ട് അനുമതിക്കായി ഫാദർ. ഷാജു ആന്റണി, റെപ്രസെന്റേറ്റീവ്, നിത്യ സഹായ മാതാ ചർച്ച്, PP 14, മരിയപുരം,സി പോയിൽ - 670502 എന്നിവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , KPBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. KPBR-2019 ചട്ടം 5(4) പ്രകാരം നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ എൻ.ഒ.സി/ അനുമതി ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതി നൽകുവാൻ പാടുള്ളൂ.
2. KPBR-2019 ചട്ടം 9 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അളവുകൾ, അതിരുകൾ, വിസ്തൃതി, ഭൂമിയുടെ തരം, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദിഷ്ട സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
3. നിർമ്മാണം KPBR-2019 അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. KPBR-2019 ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
5. KPBR-2019 ചട്ടം 76(2)(3) പ്രകാരമുള്ള മഴ വെള്ള സംഭരണി ഏർപ്പെടുത്തേണ്ടതാണ്.
6. KPBR-2019 ചട്ടം 76(3)(2) പ്രകാരം ഓരോ 450 ചതുരശ്ര മീറ്ററിനും കുറഞ്ഞത് ഒരു വൃക്ഷം എന്ന

നിരക്കിൽ മരങ്ങൾ നട്ട വളർത്തേണ്ടതാണ്.

7. KPBR-2019 ചട്ടം 29(3)&(5) പ്രകാരമുള്ള പാർക്കിംഗ് ലഭ്യമാക്കിയിട്ടുണ്ടെന്ന സെക്രട്ടറി ഉറപ്പവരുത്തേണ്ടതാണ്.
8. പ്രസ്തുത പ്ലോട്ടിന്റെ സൈറ്റ് പ്ലാനിൽ "To be Demolished" എന്ന കാണിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും അംഗീകൃതമല്ലാത്ത മറ്റു കെട്ടിടങ്ങളും പൊളിച്ചു മാറ്റേണ്ടതാണ്.

എൽ. എ നമ്പർ 66/2022 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

To

സെക്രട്ടറി, പരിയാരം ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്</u>

1) ഫാദർ. ഷാജു ആന്റണി, റെപ്രസെന്റേറ്റീവ്, നിത്യ സഹായ മാതാ ചർച്ച്, PP 14, മരിയപുരം, സി പോയിൽ - 670502

2) ഫയൽ 3) കരുതൽ ഫയൽ